# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *262</u>　　　　<u>28.01.2014-ൽ മറുപടിയ്ക്ക്</u>

## <u>പി.ഡബ്ല്യൂ.ഡി മാന്വൽ പരിഷ്ക്കരണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. പി.എ.മാധവൻ**<br>**,, ഹൈബി ഈഡൻ**<br>**,, തേറമ്പിൽ രാമകൃഷ്ണൻ**<br>**,, പാലോട് രവി** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യൂ.ഡി മാന്വൽ കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) പി.ഡബ്ല്യൂ.ഡി മാന്വൽ കാലോചിതമായി പരിഷ്ക്കരിച്ച് G.O.(P) No.13/2012/PWD തീയതി 01.02.2012 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) എന്തെല്ലാം മാറ്റങ്ങളാണ് പരിഷ്ക്കരിച്ച മാന്വലിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വരുത്തിയിട്ടുള്ള കാതലായ മാറ്റങ്ങൾ താഴെ പറയുന്നു.<br>1. ഉദ്യോഗസ്ഥൻമാരുടെ ചുമതലകളിലും ഉത്തരവാദിത്വങ്ങളിലും കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്.<br>2. പണി നേരിട്ട് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരായ ഓവർസിയർക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകിയിട്ടുണ്ട്.<br>3. ഉദ്യോഗസ്ഥരുടെ ഭരണപരവും സാങ്കേതികവുമായ അധികാരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>4. പൊതുമരാമത്ത് പണികളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര മരാമത്ത് വകുപ്പിന്റെയും കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെയും കോഡുകളുടെ പ്രസക്തഭാഗങ്ങൾ മാന്വലിന്റെ ഭാഗമാക്കിയിട്ടുണ്ട്.<br>5. ആധുനിക നിർമ്മാണ സാമഗ്രികളുടെ വിശദാംശങ്ങൾ പുതുക്കിയ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>6. കരാറുകാരുടെ രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ചു.<br>7. അഞ്ചു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ദ്വിതല ഗുണനിലവാര പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തി. [illegible] പണികൾക്ക് പുറത്തുനിന്നുള്ള ഏജൻ |

സിയെക്കൊണ്ടുള്ള സാങ്കേതിക പരിശോധനക്കും നിർദ്ദേശമുണ്ട്.

8. പ്രവൃത്തിയുടെ കാലാവധി ഒരു കാരണവശാലും അമ്പതു ശതമാനത്തിൽ (50%) അധികം ദീർഘിപ്പിച്ച് നൽകരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
9. പുരോഗതിയില്ലാത്ത പ്രവൃത്തികൾക്ക് പിഴ കൂടാതെ പ്രതിവാരം കരാർ തുകയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് പരമാവധി 10% ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത് ;വിശദമാക്കുമോ ; | (സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം, ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) പരിഷ്ക്കരിച്ച മാന്വൽ പ്രാബല്യത്തിൽ വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) 21.03.2012-ലെ ജി.ഒ.(പി)നം.32/2012/ പൊ.മ.വ പ്രകാരം പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എങ്കിലും വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**